Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

11.09.2026

# അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകളുടെ സംസ്ഥാന സമ്മേളനം ജൂബിലിയിൽ

സ്വകാര്യ മേഖലയിലെ അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകളുടെ സംഘടനയായ AHTOPS ന്റെ (അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റ്സ് ഓഫ് പ്രൈവറ്റ് സെക്റ്റർ)സംസ്ഥാനതല തുടർവിദ്യഭ്യാസ പരിപാടിയും ജനറൽ ബോഡി യോഗവും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ലാബ് ഡയറക്ടർ ഡോ. സുശീല ജേക്കബ്ബ് ഇന്ന സമ്മേളനത്തെ അഭിസംബോധന ചെയ്ത് ആശംസകൾ നേർന്നു. ശ്രീ. ഷാർലെറ്റ് പ്രചോദനാത്മകമായ സന്ദേശം നൽകി. സ്വകാര്യ മേഖലയിലെ ആലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകൾ നേരിടുന്ന വിവിധ വിഷയങ്ങളും സമീപകാല പ്രശ്നങ്ങളും സംബന്ധിച്ച് AHP സെക്രട്ടറി ലിറിക്ക് എബ്രഹാം വിശദീകരണം നൽകി. സംഘനയുടെ പ്രവർത്തനങ്ങളും അംഗങ്ങളുടെ വിവിധ ആവശ്യങ്ങളും സംബന്ധിച്ച ചർച്ചകളും യോഗത്തിൽ നടന്നു.

റവ. സി. ലീ ജോസ് വിശിഷ്ഠാതിഥികൾക്ക് സ്വാഗതം ആശംസിച്ചു. AHTOPS പ്രസിഡന്റ് റവ. സി. ലിസാന്റോ നന്ദി രേഖപ്പെടുത്തി.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള AHTOPS എക്സിക്യൂട്ടീവ് അംഗങ്ങളും അലെഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകളും പരിപാടിയിൽ പങ്കെടുത്തു. അലൈഡ് ഹെൽത്ത് ടെക്നോളജി മേഖലയുടെ നിലവിലെ സാഹചര്യങ്ങളും ഭാവി പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും അംഗങ്ങൾക്ക് അറിവും പ്രചോദനവും പകരുന്നതിനും CME-യും ജനറൽ ബോഡി യോഗവും വേദിയായി.